കേരള സർക്കാർ

സംഗ്രഹം

വനിതാ ശിശു വികസന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ "2235-02-001-90-(നോൺ പ്ലാൻ)" എന്ന ശീർഷകത്തിന്റെ ഡി ഡി ഒ ആയി നിയോഗിച്ച് ഉത്തരവാകുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **8965/2017/ധന.** തിരുവനന്തപുരം, തീയതി **01.12.2017**

---

പരാമർശം - 21.11.2017 ലെ എ 3/035161/16 നമ്പറായുള്ള സാമൂഹ്യനീതി ഡയറക്ടറുടെ കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് പുതിയതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിലെ ഡയറക്ടറേറ്റ് തലത്തിലെ ജീവനക്കാർക്കായി ശമ്പളവും മറ്റു അലവൻസുകളും മാറി നൽകുന്നതിനായി അനുവദിച്ച "2235-02-001-90-(നോൺ പ്ലാൻ)" എന്ന ശീർഷകത്തിന്റെ ഡി ഡി ഒ ആയി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയോഗിച്ച് ഉത്തരവാകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി വനിതാ ശിശു വികസന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ "2235-02-001-90-(നോൺ പ്ലാൻ)" എന്ന ശീർഷകത്തിന്റെ ഡി ഡി ഒ ആയി നിയോഗിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ജി.ആന്റ്എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ